# കേരളത്തിലെ വൈദ്യുതി രംഗം: വിശ്വസിക്കപ്പെടുന്ന നുണകളും അവിശ്വസനീയ നേരുകളും

**സി.ആർ.നീലകണ്ഠൻ നമ്പൂതിരി**

**1. നുണ: കേരളം വൈദ്യുതി ഉത്പാദനത്തിൽ ഒരു കമ്മി സംസ്ഥാനമാണ്.**


നേര്: ധാന്യങ്ങൾ, പച്ചക്കറി, മുട്ട, മാംസം മറ്റുപഭോഗ വസ്തുക്കൾ എന്നിവയുടെ മഹാഭൂരിഭാഗവും പുറത്തുനിന്നും വരേണ്ടിവരുന്ന കേരളത്തിൽ വൈദ്യുതിയുടെ മുപ്പത് ശതമാനത്തോളമേ പുറത്തുനിന്നു വരുന്നുള്ളൂ. ഇവിടെ വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ നാൽപത് ശതമാനത്തോളം പ്രസരണ-വിതരണ നഷ്ടമായി (ഇതിൽ കളവും പെടും) പോകുന്നു!

**2.നുണ : ലോഡ് ഷെഡിംഗ് ഉണ്ടാകുന്നത് വൈദ്യുതി കമ്മി മൂലമാണ്.**

നേര്: മഴയേറെ പെയ്താലും എത്ര വൈദ്യുതി പുറത്തുനിന്നു കിട്ടിയാലും എത്ര പുതിയ നിലയങ്ങൾ വന്നാലും ലോഡ്ഷെഡിംഗ് മാറില്ല. കായംകുളവും ബ്രഹ്മപുരവും പ്രവർത്തിപ്പിക്കാതെ വച്ചിരിക്കയാണിപ്പോൾ. അതിനു കാരണം അതു വിതരണം ചെയ്യാൻ വേണ്ട പ്രസരണ - വിതരണ സംവിധാനങ്ങൾ അപര്യാപ്തമാണ് എന്നതാണ്.

**3. നുണ: വൈദ്യുതി ഉത്പാദനം കൂടണം- പ്രത്യേകിച്ച മലബാർ മേഖലയിൽ- എന്നാലേ അവിടുത്തെ വോൾട്ടേജ് ക്ഷാമം തീരൂ..**

നേര്: ഇടുക്കിയിലെ വൈദ്യുതി (കളവായും നേരായും) മൈസൂരിലും മദ്രാസിലും ,യാതൊരു വോൾട്ടേജ് കുറവുമില്ലാതെ എത്തിക്കാനാവുന്നു (രാമഗുണ്ടത്തുനിന്നും കേരളത്തിലും) എന്നാൽ ഈ ലൈനിനു താഴെയുള്ള മലബാറിൽ വേണ്ടത്ര വോൾട്ടേജിൽ വൈദ്യുതി കിട്ടാത്തതിന് കാരണം മലബാറിലേക്ക് ആവശ്യമായ പ്രസരണ ലൈനുകളും അവിടെ വിതരണ സംവിധാനവും ഇല്ലെന്നതാണ്.



**4. നുണ : കേരളത്തിൽ ധാരാളം വൈദ്യുതി ഉണ്ടായാലേ വ്യവസായങ്ങൾ വരൂ- തൊഴിലുണ്ടാകൂ.**

നേര്: ഏറ്റവും വലിയ 'കറന്റ് തീനി' വ്യവസായങ്ങളാണ് കേരളത്തിൽ വന്നത് (ടി.സി.സി., ഇൻഡാൽ...) അടുത്ത കാലത്തായി പാലക്കാട് ജില്ലയിൽ പ്രതിദിനം ലക്ഷക്കണക്കിന് വൈദ്യുതി ഉപയോഗിക്കുന്ന 'സ്മെൽട്ടറുകൾ' വന്നിരിക്കുന്നു. വ്യവസായ വളർച്ച നേടിയെന്നെല്ലാവരും പറയുന്ന ആന്ധ്രക്കാരും കർണാടകക്കാരും ഈ വ്യവസായങ്ങൾ നടത്താൻ കേരളത്തിൽ വരുന്നതിനു കാരണം ഇവിടെ യൂണിറ്റിന് 50 പൈസ മാത്രമേ നല്കേണ്ടൂ എന്നതാണ്. കാര്യമായി ആർക്കും ഇവിടെ തൊഴിലും കിട്ടുന്നില്ല. പരിസ്ഥിതിനാശം വേറെ. വൈദ്യുതി ഏറെ മിച്ചമുണ്ടായിട്ടും പശ്ചിമബംഗാൾ അടക്കമുള്ള പല സംസ്ഥാനങ്ങളിലും വ്യവസായം വരുന്നുമില്ല.

**5. നുണ: കേരളത്തിലെ വൈദ്യുതി ക്ഷാമം തീർക്കാൻ വൻകിട താപനിലയങ്ങൾ തന്നെ വേണം. (പ്രചാരകർ -ശാസ്ത്രസാഹിത്യ പരിഷത്)**

നേര്: ഏറെ പെരുപ്പിച്ച ആവശ്യങ്ങളാണ് ഇവിടെ ഉയർത്തിക്കാട്ടുന്നത്. പത്തുവർഷം മുമ്പ് 2000-ൽ വേണ്ടിവരുമെന്നു പറഞ്ഞത് 4000 മെഗാവാട്ട്. സത്യത്തിൽ ഇപ്പോൾ വേണ്ടത് 2024 മെ. വാ. പത്തുവർഷം കൊണ്ട് ഇതിരട്ടിയായാൽ തന്നെ അതിനുവേണ്ടി നാം ചെയ്യേണ്ടത്:

I. പ്രസരണ- വിതരണ നഷ്ടം പാതിയാക്കി കുറയ്ക്കുക (മിച്ചം 400 മെ. വാട്ട്)

II. പണിയാരംഭിച്ച (2000 കോടിയും പലിശയും ചെലവാക്കിയ) കാടും റോഡും വെട്ടിയ നിലയങ്ങൾ പൂർത്തിയാക്കുക (500 മെഗാവാട്ട്)

(ശേഷം 6-ാം പേജിൽ)

# കേരളത്തിലെ വൈദ്യുതി രംഗം: വിശ്വസിക്കപ്പെടുന്ന നുണകളും അവിശ്വസനീയ നേരുകളും

(ഒന്നാം പേജ് തുടർച്ച)

iii. പാരിസ്ഥിതികാഘാതം കുറഞ്ഞ മിനി-മൈക്രോനിലയങ്ങൾ സ്ഥാപിക്കുക (6000 മെഗാവാട്ടെന്ന് വിദഗ്ധർ പറയുന്നു. തൽക്കാലം 1000 മെഗാവാട്ട് കണക്കാക്കാം).

iv. പാലക്കാട്ടുള്ളതുപോലെയുള്ള കറന്റ് തീനി വ്യവസായങ്ങളെ നാടുകടത്തുക – ആർഭാടങ്ങൾ ഒഴിവാക്കുക. (200 മെഗാവാട്ട്) ശേഷം പലതും പിന്നീട്.

6. **നുണ: വിദേശ-സ്വകാര്യ മേഖലയുടെ സാങ്കേതിക – സാമ്പത്തിക സഹായമില്ലാതെ വൈദ്യുത ഉത്പാദനം വർധിപ്പിക്കാനാവില്ല.**

നേര്: മേൽപറഞ്ഞ (5)വയ്ക്കൊന്നും ഇതുവേണ്ട. പിന്നെ ''മറ്റു ചിലരുടെ'' ആവശ്യങ്ങൾക്കു വേണം.

7. **നുണ : എത്ര വില കൂടിയാലും വൈദ്യുതി ഉണ്ടായാൽ വാങ്ങാൻ ആളുണ്ടാകും.**

നേര്: ന്യൂനപക്ഷമായ ധനികർക്കും ടൂറിസ്റ്റുകൾക്കും പഞ്ചനക്ഷത്ര ഹോട്ടൽ- ഭവനങ്ങൾക്കും മാത്രം. ജലവൈദ്യുതി യൂണിറ്റിന് 50 പൈസ. നാഫ്ത (കായംകുളം) 4 രൂപ ഡീസൽ (ബ്രഹ്മപുരം) 9 രൂപ. ഡോളർനിരക്കും പെട്രോളിയം വിലയും കൂടിയാൽ വീണ്ടും കൂടും. വില കൂടി വൈദ്യുതി വാങ്ങിയാൽ വ്യവസായങ്ങൾ നഷ്ടത്തിലായി പൂട്ടും.

8. **നുണ: പ്രതിശീർഷ വൈദ്യുതി ഉപയോഗം പുരോഗതിയുടെയും വികസനത്തിന്റെയും സൂചകമാണ്.**

നേര്: ഇതു പൊള്ളയായ സ്ഥിതിവിവരകണക്കാണ്. കറന്റ് തീനി വ്യവസായങ്ങളുള്ള പാലക്കാട് ജില്ലയുടെ പ്രതിശീർഷ ഉപയോഗം കൂടുതൽ തൊഴിലധിഷ്ഠിത വ്യവസായങ്ങളുള്ള, കൂടുതൽ ശതമാനം വീടുകൾ വൈദ്യുതീകരിച്ചിട്ടുള്ള തൃശൂർ ജില്ലയേക്കാൾ കൂടുതലായിരിക്കും.